15013
80/8/19

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ.) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിച്ച 35,99,67,713/- (മുപ്പത്തിയഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി അറുപത്തി ഏഴായിരത്തി എഴുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) രൂപ കുട്ടനാടിൽ കമ്മ്യൂണിറ്റി ഷെൽറ്റർ നിർമ്മിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് തിരികെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **2393/2019/റവ.** തിരുവനന്തപുരം, തീയതി, 29.08.2019.

================================================

പരാമർശം:- നികുതി വകുപ്പിന്റെ 22.08.2019-ലെ സ.ഉ. (സാധാ) നം. 593/19/നികുതി.

## ഉത്തരവ്

2018 ഓഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ജീവനക്കാരും മാനേജ്മെന്റും കൂടി 35,99,67,713/- രൂപ (മുപ്പത്തിയഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി അറുപത്തി ഏഴായിരത്തി എഴുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുകയുണ്ടായി.

2. ഈ തുക ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ 12 പഞ്ചായത്തുകളിൽ പ്രളയപ്രതിരോധശേഷിയുള്ള കമ്മ്യൂണിറ്റി ഷെൽട്ടർ ഹാളുകൾ നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തിരികെ നൽകണമെന്ന് പരാമർശം പ്രകാരം നികുതി വകുപ്പ് ഉത്തരവായിട്ടുണ്ട്.

3. മേൽ വിഷയം സർക്കാർ പരിശോധിച്ചു. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിച്ച 35,99,67,713/- രൂപ (മുപ്പത്തിയഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി അറുപത്തി ഏഴായിരത്തി എഴുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) കുട്ടനാട് താലൂക്കിലെ 12 പഞ്ചായത്തുകളിലെ പ്രളയപ്രതിരോധശേഷിയുള്ള കമ്മ്യൂണിറ്റി ഷെൽട്ടർ നിർമ്മിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് തിരികെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ആവശ്യത്തിലേക്കായി വേണ്ടി വരുന്ന 35,99,67,713/- രൂപ (മുപ്പത്തിയഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി അറുപത്തി ഏഴായിരത്തി എഴുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"***

...2/-

എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ തൃശ്ശൂർ ജില്ലാ ട്രഷറിയിലുള്ള 713010200000800 നമ്പർ T.P. അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു. വി.,
പ്രിൻസിപ്പൽ സെക്രട്ടറി.

ജില്ലാ കളക്ടർ, തൃശ്ശൂർ
ജില്ലാ കളക്ടർ, ആലപ്പുഴ
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
നികുതി (എച്ച്) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.